# പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ

(സാന്നിദ്ധ്യം : ശ്രീ.പ്രമോദ്.കെ)

---

സി.ഡി.എസ്-1566/17 പെരിന്തൽമണ്ണ, തീയതി 11/09/2017

---

പരാമർശം :1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.07.2017 LF/01/2017 നമ്പർ കത്ത്

2) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22.07.2017ലെ LF/01/2017 നമ്പർ കത്ത്

3) നഗരസഭാ കൗൺസിലിന്റെ 24.07.2017 ലെ യോഗ തീരുമാനം

4) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.08.2017ലെ LF/01/2017 നമ്പർ കത്ത്

5) അപ്പിൽ & സ്ക്രൂട്ടിനി കമ്മറ്റിയുടെ 26.08.2017 ലെ യോഗതീരുമാനം

6) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31.08.2017 ലെ LF/01/2017 നമ്പർ കത്ത്

## ഉത്തരവ്

ലൈഫ് മിഷൻ വഴി ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി പരാമർശം 1,2,3 എന്നിവ പ്രകാരം 30.07.2017ന് പ്രസിദ്ധീകരിച്ച കരട് പട്ടിക സംബന്ധിച്ച് 10.08.2017 വരെ ആക്ഷേപങ്ങൾ സ്വീകരിക്കുകയും അപ്രകാരം ലഭിച്ച അപ്പീൽ പരാതികൾ അന്വേഷണം നടത്തി 26.08.2017ലെ അപ്പിൽ & സ്ക്രൂട്ടിനി കമ്മറ്റി ശുപാർശ ചെയ്തവരുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

അപ്പിൽ കമ്മറ്റി ആനുകൂല്യത്തിന് അർഹമെന്നും അല്ലെന്നും ശുപാർശ ചെയ്തവ പ്രത്യേകം പ്രത്യേകം പട്ടികകളായി പ്രസിദ്ധികരിക്കുന്നു. പ്രസിദ്ധികരിച്ച ടി പട്ടിക സംബന്ധിച്ച് ആക്ഷേപമുള്ളവർക്ക് ബഹു: ജില്ലാ കലക്ടർ മുമ്പാകെ അപ്പീൽ നൽകുന്നതിലേക്ക് അതത് താലൂക്ക് തഹസിൽദാർ മുമ്പാകെ അപേക്ഷ നൽകാവുന്നതാണ്.

സെക്രട്ടറി

പെരിന്തൽമണ്ണ നഗരസഭ

പസിദ്ധീകരണത്തിന്

പകർപ്പ്: - നോട്ടീസ് ബോർഡ്